**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4804** **19-03-2025 - ൽ മറുപടിയ്ക്ക്**

**ചലച്ചിത്രങ്ങളിലെ വയലൻസ് രംഗങ്ങൾ ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വയലൻസ് പ്രമേയമാക്കിയുള്ളതും പല രംഗങ്ങളിലും ലഹരി ഉപയോഗിക്കുന്നതുമായുള്ള ചലച്ചിത്രങ്ങൾ യുവാക്കളിലും കുട്ടികളിലും ആക്രമണോത്സുകതയ്ക്കും ലഹരി ഉപയോഗിക്കുന്നതിനും പ്രചോദനമാകുന്നുവെന്ന സാമൂഹിക വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുട്ടികളെയും യുവാക്കളെയും സ്വാധീനിക്കുന്ന വിധത്തിലുള്ള ഇത്തരം സീനുകൾ സിനിമകളിൽ നിന്നും നീക്കം ചെയ്യുന്നതിന് സെൻസർ ബോർഡുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; | (ബി) | കുട്ടികളെയും യുവാക്കളെയും സ്വാധീനിക്കുന്ന വിധത്തിൽ ലഹരി ഉപയോഗം, വയലൻസ് എന്നിവ പ്രതിപാദിക്കുന്ന സീനുകൾക്ക് സിനിമകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സെൻസർ ബോർഡിന് നിർദ്ദേശം നൽകുന്നതിനായി സർക്കാർ കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തെ സമീപിക്കുന്നതാണ്. ഇത് സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ പരാതികൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ഇതിനകം നൽകിയിട്ടുണ്ട്. CBFC ആസ്ഥാനം മുഖേന ഈ വിഷയം കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് CBFC റീജിയണൽ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം രംഗങ്ങൾ സ്വമേധയാ നീക്കുന്നതിനും ഭാവിയിൽ ഇത്തരം ദൃശ്യങ്ങളുള്ള ചലച്ചിത്രങ്ങൾക്ക് പ്രാധാന്യം നൽകാതിരിക്കാനും ചലച്ചിത്ര മേഖലയിലെ വിവിധ സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യങ്ങൾ ചലച്ചിത്ര മേഖലയിലെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ